# ആമുഖം

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവവുമായി സംസർഗ്ഗം ചെയ്യുവാനുള്ള മനുഷ്യമനസിന്റെ വാഞ്ഛയുടെ പ്രകാശനമാണ് ആരാധന. ആരാധനയിൽ ആരാധകരുടെ ശരീരവും ഹൃദയവും മനസ്സും ആത്മാവും ശക്തിയും പൂർണ്ണമായി പങ്കു ചേരുന്നു. ദൈവസാന്നിദ്ധ്യബോധമാണ് ആരാധനയെ അർത്ഥപൂർണ്ണവും സജീവവുമാക്കുന്നത്. പ്രപഞ്ചം മുഴുവൻ ദൈവത്തെ പ്രഘോഷിക്കുകയാണ്. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു, ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീ.19:1)

യേശുക്രിസ്തുവിലൂടെ സകല സൃഷ്ടിയ്ക്കും സാദ്ധ്യമായ രക്ഷയുടെയും സമൃദ്ധമായ ജീവന്റെയും ആഘോഷമാണ് ആരാധന. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും ഞാൻ അവരുടെ മദ്ധ്യേ ഉണ്ട് എന്ന കർത്താവിന്റെ വാഗ്ദത്തം നിറവേറ്റപ്പെടുന്ന അവസരമാണ് ആരാധന. സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു എന്നും, ദൈവം ആത്മാവ് ആകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണമെന്നും കർത്താവ് പഠിപ്പിക്കുന്നു. ആരാധന ഒരു ശുശ്രൂഷയാണ് (Service). ആരാധന സഭയുടെ ദൗത്യത്തിന് ഊർജ്ജവും ചൈതന്യവും പകരുന്നതാണ്. *Leitourgia* എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് Liturgy എന്ന വാക്ക് രൂപപ്പെട്ടിട്ടുള്ളത്. Service എന്നാണ് ഈ വാക്കിന്റെ അർത്ഥം. യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ആരാധനയ്ക്കായി കൂടി വരികയും ശുശ്രൂഷയ്ക്കായി വിശാലമായ ലോകത്തിലേക്ക് പുറപ്പെട്ടുപോകുകയും ചെയ്യുന്നു. ആരാധിക്കുന്ന ദൈവജനം ലോകത്തിൽ ചെയ്യുന്ന അർത്ഥവത്തായ ദൈവരാജ്യ ശുശ്രൂഷയെ Liturgy after the liturgy എന്നാണ് വിശേഷിപ്പിക്കുന്നത്.

വേദവായനയ്ക്കും തിരുവചന ഘോഷണത്തിനും ആരാധനയിൽ സവിശേഷ സ്ഥാനമുണ്ട്. തിരുവചനത്തിന്റെ സംഗതമായ വ്യാഖ്യാനമായിരിക്കണം വചന ശുശ്രൂഷ. വചന പ്രഘോഷണത്തിലൂടെ ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ പങ്കാളികളാകാനും സഭയെ കെട്ടുപണി ചെയ്യുവാനും ദൈവജനത്തെ സജ്ജമാക്കുന്നു.

വചനം ശരീരം ധരിച്ച് കൃപയും സത്യവും നിറഞ്ഞവനായി നമ്മോടു കൂടെ പാർത്ത യേശുക്രിസ്തുവിന്റെ ലോക ചരിത്രത്തിലെ ജീവിതവും രക്ഷാകര പ്രവർത്തനങ്ങളും ബന്ധപ്പെടുത്തി 52 ആഴ്ചകളിൽ അർത്ഥപൂർണ്ണമായ ക്രിസ്തീയ സാക്ഷ്യം നിറവേറ്റുന്നതിനാണ് Church Calendar അനുസരിച്ച് വേദവായനക്രമം തയ്യാറാക്കിയിരിക്കുന്നത്. കന്യകമറിയാമിൽ നിന്ന് ശരീരം ധരിച്ച ദൈവമായി, ജീവന്റെ വചനമായി നമ്മുടെ കർത്താവും ദൈവവും രക്ഷിതാവും ആയിരിക്കുന്ന യേശുമശിഹായുടെ ജനനം, മാമോദീസാ, രക്ഷാകരമായ കഷ്ടാനുഭവം, കുരിശിലെ മരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം, മഹത്വ പ്രത്യക്ഷത എന്നിവ ഉൾക്കൊള്ളുന്ന വീണ്ടെടുപ്പിന്റെ ജീവിതത്തെ ഒരു വർഷം മുഴുവൻ മനനം ചെയ്യുന്നതിനും യേശുക്രിസ്തുവിലുള്ള ഭാവം തന്നെ നമ്മിൽ ഉണ്ടായിരുന്ന് പുതിയ സൃഷ്ടികളായി സംഗതമായ ക്രൈസ്തവ സാക്ഷ്യം നിറവേറ്റുന്നതിനും നമ്മെയും സഭയേയും ദൈവം സജ്ജമാക്കട്ടെ.

Communion of Churches in India യുടെ Cycle A ക്രമം ഭേദഗതികളോടുകൂടിയാണ് 2023 ലെ വായന ഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നത്. Church Calendar ഉം Lectionary യും തയ്യാറാക്കുന്നതിന് Liturgical Commission അംഗങ്ങളായ Rev.Dr.Koshy P. Varughese, Dr.Mrs.Mariamma James, Rev.Sam Koshy T., Very Rev.Dr.Easow Mathew (Convenor) എന്നിവർ പ്രവർത്തിച്ചു.

പൗലോസ് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നതുപോലെ ബുദ്ധിയുള്ള ആരാധനയായി നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവാനും ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയും ഉള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവാനും നമ്മുടെ ആരാധനയും വേദവായനയും വചന ഘോഷണവും ധ്യാനങ്ങളും നമ്മെ സഹായിക്കട്ടെ.



**ഡോ.യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ**
ചെയർമാൻ, ലിറ്റർജിക്കൽ കമ്മീഷൻ



## മലങ്കര മാർത്തോമ്മ സുറിയാനി സഭ

# സഭാ പഞ്ചാംഗം – ക്രിസ്തുവർഷം 2023

**ബഹു. എപ്പിസ്ക്കോപ്പൽ സിനഡ് പ്രസിദ്ധീകരിക്കുന്നത്**
**ഞായറാഴ്ചകളിലും മറ്റ് വിശേഷ ദിവസങ്ങളിലും**
**ഉപയോഗിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വിശുദ്ധ വേദഭാഗങ്ങൾ**

| തീയതി | പാഠങ്ങൾ | ലേഖനം, ഏവൻഗേലിയോൻ | സന്ധ്യാവായന |
|---|---|---|---|

## ജനുവരി

1 ഞായർ നവവത്സര ദിനം, പരിച്ഛേദന പെരുന്നാൾ
സകല ജനതകൾക്കും വേണ്ടിയുള്ള സുവാർത്ത (ബാഹ്യകേരള മിഷൻ)
Good News For All Humanity
യെശ. 52:7–12 റോമർ 1:8–17 യെശ. 2:1–6
അ.പ്ര. 13:44–52 മത്തായി 28:16–20 1 പത്രോ. 1:3–9

6 വെള്ളി ദനഹാ-നമ്മുടെ കർത്താവിന്റെ സ്നാപനം
രാജാവായ യേശു ദാസ്യശുശ്രൂഷക്കായി നിയോഗിക്കപ്പെടുന്നു
Jesus the King is Commissioned as the Servant
യെശ. 42:1–9 എബ്രാ. 2:14–18 യെശ. 53:1–12
ഫിലി. 2:5–11 മത്തായി 3:13–17 സങ്കീ. 2

8 ഞായർ ശരീരം: വിശുദ്ധിയിൽ കാക്കേണ്ട ദൈവിക മന്ദിരം
Body: Temple of God to be kept in Holiness
(ലഹരി വിരുദ്ധദിനം) വി.സ്തേഫാനോസിന്റെ നാൾ
ദാനി. 1:1–9 1 തെസ്സ. 5:4–11 സദൃ. 23:1–20
1 കൊരി.6:12–20 ലൂക്കോസ് 11:33–36 സങ്കീ. 1

15 ഞായർ ഫലകരമായ ക്രിസ്തീയ ജീവിതം
Fruitful Christian living
യെശ. 5:1–7 ഗലാ. 5:16–26 സങ്കീ. 1
കൊലൊ.1:3–13 യോഹന്നാൻ 15:1–11 വെളി.22:1–7

18–25 ഐക്യപ്രാർത്ഥനാവാരം (Unity Octave)

22 ഞായർ സഭകളുടെ ഐക്യം-ദൈവിക താല്പര്യം
Unity of the Churches-God's Will
(എക്യുമെനിക്കൽ ഞായർ)
യെഹ. 37:15-23 1 കൊരി. 3:1-9 സഭാ. 4:7-12
എഫെ. 2:14-22 യോഹന്നാൻ 17:18-26 സങ്കീ. 133

26 വ്യാഴം രാഷ്ട്രനിർമ്മിതിയിൽ ക്രൈസ്തവ പങ്കാളിത്തം
Christian Participation in Nation Building
(ഭാരത റിപ്പബ്ലിക് ദിനം)
നെഹ. 2:11-18 1 പത്രോ. 2:13-17 സങ്കീ. 45
1 കൊരി.10:23-33 മത്തായി 5:13-16 തീത്തോ. 3:1-11

29 ഞായർ ദൈവിക കരുതലിലുള്ള ആശ്രയം
Trust in the providence of God
2 ദിന. 32:9-23 ഫിലി. 4:4-8 സങ്കീ. 121
1 പത്രോ. 5:7-11 മത്തായി 6:19-34 അ.പ്ര. 27:9-26

30 തിങ്കൾ മൂന്ന് നോമ്പാരംഭം - അനുതാപം
യോന. 1 റോമ. 15:24-33
കൊലൊ 3:5-11 മത്തായി 7:1-12

31 ചൊവ്വ മൂന്ന് നോമ്പ് - മാനസാന്തരം
യോന. 2 ഗലാ. 5:16-24
വെളി. 3:14-22 മത്തായി 24:36-46

## ഫെബ്രുവരി

1 ബുധൻ മൂന്ന് നോമ്പ് സർവ്വസൃഷ്ടിയുടെയും വീണ്ടെടുപ്പ്
യോന. 3 എഫെ. 5:1-10
യാക്കോ 3:1-12 മത്തായി 12:38-50

2 വ്യാഴം മൂന്ന് നോമ്പ് വീടൽ, വീണ്ടെടുപ്പിന്റെ ആഘോഷം
നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം
Entry of our Lord to the Temple
1 ശമു. 1:19-28 എഫെ. 5:8-14 സങ്കീ. 118:19-29
എബ്രാ. 10:1-7 ലൂക്കോസ് 2:22-39 2 യോഹന്നാൻ 1-13



5 ഞായർ യേശുക്രിസ്തുവിലൂടെയുള്ള സൗഖ്യം
Jesus Christ Who Heals
(മെഡിക്കൽ മിഷൻ ഞായർ)
യെശ. 53:1-12 അ.പ്ര. 3:11-16 സങ്കീ. 103:1-10
1 പത്രോ. 2:18-25 മത്തായി 8:5-17 വെളി. 22:1-5

12 ഞായർ സൃഷ്ടിയുടെ പൂർണ്ണതയിലേക്ക് നയിക്കുന്ന ശബത്ത്
Sabbath leads to the fullness of Creation
(128-ാം മാരാമൺ കൺവൻഷൻ ആരംഭം)
1 ശമു. 21:1-9 കൊലൊ. 2:13-19 സദൃ. 8:22-31
എബ്രാ. 4:1-11 ലൂക്കോസ് 6:1-10 സങ്കീ. 8

19 ഞായർ വലിയ നോമ്പ് ആരംഭം-നോമ്പ്: രൂപാന്തരത്തിനായുള്ള ക്ഷണം
Beginning of the Great Lent - An Invitation for Transformation
(മാരാമൺ കൺവൻഷൻ സമാപനം)
ഹോശേ. 14:1-9 റോമർ 12:1-2 യെഹ. 18:25-32
2 പത്രോ. 1:1-11 യോഹന്നാൻ 2:1-11 സങ്കീ. 6

20 തിങ്കൾ വലിയ നോമ്പിലെ നിരപ്പിന്റെ ശുശ്രൂഷ
Ministry of Reconciliation
ഉല്പ. 45:1-15 റോമർ 5:6-11
എഫെ. 2:11-22 മത്തായി 5:21-26

26 ഞായർ ശുദ്ധീകരിക്കുന്ന യേശുക്രിസ്തു
Jesus Christ Who Sanctifies
(നോമ്പിൽ രണ്ടാം ഞായർ)
യിര. 33:6-11 യാക്കോ. 4:7-10 പുറ. 12:21-28
1 യോഹ. 1:5-10 മർക്കോസ് 1:40-45 സങ്കീ. 130

## മാർച്ച്

3 വെള്ളി അഖിലലോക പ്രാർത്ഥനാദിനം (World Day of Prayer)

5 ഞായർ പാപവിമോചകനായ യേശുക്രിസ്തു
Jesus Christ who forgives Sins
(നോമ്പിൽ മൂന്നാം ഞായർ)
യെശ. 33:13-24 കൊലൊ. 2:8-15 യോഹ. 4:6-11
എബ്രാ. 9:11-20 മർക്കോസ് 2:1-12 സങ്കീ. 25

12 ഞായർ സകലരെയും ഉൾക്കൊള്ളുന്ന യേശുക്രിസ്തു
Jesus Christ who includes All
(നോമ്പിൽ നാലാം ഞായർ)

| | | |
|---|---|---|
| യെശ. 45:1–8 | ഗലാ. 3:23–29 | രൂത്ത് 4:1–10 |
| അ.പ്ര. 10:34–43 | മത്തായി 15:21–28 | സങ്കീ. 87 |

15 ബുധൻ പകുതി നോമ്പ് (Mid Lent)
കുരിശിനെ അഭിമുഖീകരിക്കാനുള്ള ഒരുക്കം
The readiness to face the Cross

| | |
|---|---|
| സംഖ്യാ. 21:1–9 | ഗലാ. 6:11–16 |
| 1 കൊരി. 1:18–31 | മർക്കോസ് 10:32–34 |

19 ഞായർ വീണ്ടെടുക്കുന്ന യേശുക്രിസ്തു
Jesus Christ who Redeems
(നോമ്പിൽ അഞ്ചാം ഞായർ)

| | | |
|---|---|---|
| പുറ. 3:1–10 | റോമ. 3:23–31 | യെശ. 12:1–6 |
| 1 പത്രൊ. 1:18–25 | ലൂക്കോസ് 13:10–17 | സങ്കീ. 82 |

25 ശനി കന്യക മറിയാമിനോടുള്ള അറിയിപ്പ്
Annunciation to Virgin Mary

| | |
|---|---|
| യെശ. 7:10–14 | ഗലാ. 4:1–7 |
| 1 യോഹ. 3:1–12 | ലൂക്കോസ് 1:26–38 |

26 ഞായർ നവദർശനത്തിലേക്ക് നയിക്കുന്ന യേശുക്രിസ്തു
Jesus Christ who leads to New Vision
(മുപ്പത്തിയാറാം ഞായർ)

| | | |
|---|---|---|
| യെഹ. 37:1–14 | കൊലൊ. 3:1–11 | യിര. 30:1–10 |
| ഫിലി. 3:7–16 | മർക്കോസ് 10:46–52 | സങ്കീ. 126 |

31 വെള്ളി നാല്പതാം വെള്ളി
ദൈവഹിതം നിർവഹിക്കാനുള്ള വിശപ്പ്
Hunger to do the will of God

| | |
|---|---|
| സംഖ്യാ. 11:4–15 | 1 തെസ്സ. 3:1–8 |
| യാക്കോ. 1:12–18 | മത്തായി 4:1–11 |



## ഏപ്രിൽ

2 ഞായർ ഹോശാന: യേശുക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള പ്രവേശനം- രാജത്വത്തിന്റെ ബദൽ ശൈലി
Hosanna: Jesus' Entry into Jerusalem-
Alternative Style of Kingship
വൈദിക സെമിനാരി ഞായർ

| | | |
|---|---|---|
| സെഖ. 9:1–12 | കൊലൊ. 1:15–23 | യെശ. 5:1–20 |
| എബ്രാ. 5:5–10 | മത്തായി 21:1–17 | മത്തായി 21:17–22 |

| | | |
|---|---|---|
| 3 തിങ്കൾ | യെശ. 63 | മത്തായി 22:15–33 |
| | എബ്രാ. 2 | |
| 4 ചൊവ്വ | സംഖ്യ. 21:1–16 | മത്തായി 24:1–28 |
| | എഫെ. 2 | |
| 5 ബുധൻ | ലേവ്യ. 16:1–28 | മത്തായി 25:14–46 |
| | 1 പത്രൊ. 4 | |

6 വ്യാഴം പെസഹ വ്യാഴം
ലോകരക്ഷയ്ക്കായ് നുറുക്കപ്പെടുന്ന യേശുക്രിസ്തു
Jesus Christ broken for the salvation of the World

| | | |
|---|---|---|
| പുറ. 12:1–20 | 1 കൊരി. 11:23–26 | ഉല്പ. 22:1–14 |
| എബ്രാ. 9:1–12 | മത്തായി 26:17–29 | എബ്രാ. 5:1–11 |
| | | 1 കൊരി. 11:23–26 |
| | | മത്തായി 26:14–46 |

7 വെള്ളി ദു:ഖ വെള്ളി (Good Friday)
യേശുക്രിസ്തുവിന്റെ രക്ഷാകര മരണവും കുരിശ് വഹിക്കാനുള്ള ക്ഷണവും
The salvific death of Jesus Christ and the invitation to bear the Cross

| | | |
|---|---|---|
| ഒന്നാം ഭാഗം | യെശ. 53 | മത്തായി 26:47–75 |
| | 1 പത്രൊ. 1 | |
| രണ്ടാം ഭാഗം | സെഖ. 13 | മത്തായി 27:1–44 |
| | ഗലാ: 3 | |
| മൂന്നാം ഭാഗം | സംഖ്യാ. 21:1–9 | മത്തായി 27:45–56 |
| | എബ്രാ. 3:1–19 | |

8 ശനി  ദു:ഖശനി
യെശ. 56:1-6  മത്തായി 27:62-66
2 കൊരി. 1:1-7

9 ഞായർ ഉയിർപ്പ് പെരുന്നാൾ-പുതുജീവന്റെ ആഘോഷം
വലിയ നോമ്പ് വീടൽ
Easter: The Celebration of New Life
യെശ. 60:12-22  1 കൊരി. 15:20-28 പുറ. 15:1-11
1 കൊരി.15:42-58 മർക്കോസ് 16:1-8 സങ്കീ.118:1-4,14-17

16 ഞായർ പുതുഞായർ-യഥാസ്ഥാനപ്പെടുത്തുന്ന യേശു കർത്താവ്
Jesus Christ who Restores
ഉയിർപ്പിനു ശേഷം ഒന്നാം ഞായർ
ഉല്പ. 32:22-32  കൊലൊ. 1:15-23 സങ്കീ. 40
കൊലൊ. 3:1-11 യോഹന്നാൻ 20:24-29 വെളി. 1:1-8

23 ഞായർ സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്തുന്ന കർത്താവ്
Jesus Christ who transforms human situations
ഉയിർപ്പിനുശേഷം രണ്ടാം ഞായർ
ഉല്പ. 18:1-10  എബ്രാ. 13:1-8  ഉല്പ. 47:1-12
റോമ. 12:9-16  യോഹന്നാൻ 21:1-14 സങ്കീ. 15

30 ഞായർ സഹയാത്രികനായ ഉയിർത്തെഴുന്നേറ്റ കർത്താവ്
Resurrected Lord the Co-traveller
ഉയിർപ്പിനു ശേഷം മൂന്നാം ഞായർ
പുറ. 40:34-38  2 കൊരി. 1:3-10  ദാനി. 3:7-28
അ.പ്ര. 27:27-37 ലൂക്കോസ് 24:13-35 സങ്കീ. 23

## മെയ്

1 തിങ്കൾ  മെയ്ദിനം
പുറ. 36:1-13  യാക്കോ. 5:1-6
അ.പ്ര. 9:36-43  യോഹ. 4:34-38

7 ഞായർ ഭൂഭവനദാന പ്രസ്ഥാനം-ചെറിയവരെ ഓർത്തു
കൊൾവിൻ. Remember the little ones
ഉയിർപ്പിനു ശേഷം 4-ാം ഞായർ
ആവ. 15:7-11  2 കൊരി. 8:1-9  സദൃ. 4:10-19
അ.പ്ര. 4:32-37  മത്തായി 25:31-46  സങ്കീ. 116



8 തിങ്കൾ  യോഹന്നാൻ ശ്ലീഹാനാൾ
പുറ. 33:18-23  1 യോഹ. 1:1-4
വെളി. 1:1-20  യോഹ. 21:20-25

14 ഞായർ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സാക്ഷികൾ
ആകുക
Be witnesses of the Risen Lord
ഉയിർപ്പിനു ശേഷം 5-ാം ഞായർ
യെശ. 43:1-10  1 തെസ്സ. 2:1-12  ഉല്പ. 33:1-11
എബ്രാ. 12:1-13  ലൂക്കോസ് 24:36-49  സങ്കീ. 85

18 വ്യാഴം  സ്വർഗ്ഗാരോഹണ പെരുന്നാൾ
(ഉയിർപ്പിനുശേഷം 40-ാം ദിവസം)
ദാനി. 7:9-14  എഫെ. 1:3-14
അ.പ്ര. 1:1-11  ലൂക്കോസ് 24:50-53

21 ഞായർ പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം
Promise of the Holy Spirit
യെശ.59:20-60:3 എഫെ. 6:10-20  സങ്കീ. 42
അ.പ്ര.1:12-14  യോഹന്നാൻ 16:5-13  2 കൊരി. 12:1-10

28 ഞായർ പെന്തെക്കൊസ്ത് പെരുന്നാൾ - Pentecost.
ഉയിർപ്പിനു ശേഷം 50-ാം ദിവസം
ദിവ്യസംഗീത ഞായർ - കർത്താവിനായി പാടുക.
Sing to the Lord.
യോവേൽ 2:28-32 അ.പ്ര. 2:1-12  ഉല്പ.1:1-5.
ഗലാ. 5:22-26  യോഹന്നാൻ 14:14-21 സങ്കീ. 98

## ജൂൺ

4 ഞായർ  വിദ്യാലയ വർഷാരംഭം-ദൈവീക ജ്ഞാനത്തിൽ
വളരുക - Grow in the divine wisdom
പട്ടക്കാരുടെ ചികിത്സാ സഹായനിധി സ്തോത്രകാഴ്ച
പെന്തെക്കൊസ്തിനുശേഷം 1-ാം ഞായർ
1 രാജാ. 3:3-14  എഫേ. 1:15-19  ഇയ്യോ. 38:1-11
1 കൊരി. 1:18-25ലൂക്കോസ് 2:41-52  സങ്കീ. 98

11 ഞായർ പരിസ്ഥിതി ഞായർ-'വേല ചെയ്‌വാനും സൂക്ഷിപ്പാനും' 'To till and keep'
പെന്തെക്കൊസ്തിനുശേഷം 2-ാം ഞായർ
ഉല്പ. 2:4-15 കൊലൊ. 1:9-20 യെശ. 42
വെളി. 22:1-5 ലൂക്കോസ് 12:24-27 സങ്കീ. 19

16 വെള്ളി ശ്ലീഹാനോമ്പ് ആരംഭം.
ശിഷ്യരുടെ വിളിയും തെരഞ്ഞെടുപ്പും
യിരമ്യ. 1:1-12 1 കൊരി. 12:27-31
എബ്രാ 10:32-39 ലൂക്കൊസ് 6:12-19

18 ഞായർ ആരാധന: വിശ്വാസത്തിന്റെ ആഘോഷം
Worship: The celebration of Faith
പെന്തെക്കൊസ്തിനുശേഷം 3-ാം ഞായർ
യെശ. 6:1-8 എഫേ. 3:14-19 യെഹ. 47:1-12
വെളി. 4:1-11 ലൂക്കോസ് 18:1-14 സങ്കീ. 148

25 ഞായർ ശിഷ്യത്വം: ദൗത്യത്തിനായുള്ള വിളി
Discipleship: Call for Mission
പെന്തെക്കൊസ്തിനുശേഷം 4-ാം ഞായർ
യിര. 1:1-11 1 തിമോ. 1:12-17 യെശ. 8:11-18
അ.പ്ര. 9:1-15 മർക്കോസ് 3:13-19 സങ്കീ.119:33-40

29 വ്യാഴം ശ്ലീഹാനോമ്പ് വീടൽ. പത്രോസ്/പൗലോസ് ശ്ലീഹന്മാരുടെ നാൾ
യോശു. 1:1-9 2 തിമൊ. 1:3-12
ഗലാ. 2:1-10 മത്തായി 20:25-28

## ജൂലൈ

2 ഞായർ ദശാംശ സമർപ്പണ ഞായർ
സുവിശേഷത്തിനായി പങ്കിടുക
Share for the Gospel
പെന്തെക്കൊസ്തിനു ശേഷം 5-ാം ഞായർ
ആവ. 14:22-29 2 കൊരി 9:6-12 മലാ. 3:6-18
1 തിമോ. 6:17-21 ലൂക്കോസ് 3:7-14 സങ്കീ. 147:1-11



3 തിങ്കൾ മാർത്തോമ്മാ ശ്ലീഹാ ദിനം: ക്രിസ്തുവിനോടുകൂടെ മരിക്കാൻ തയ്യാറാകുന്ന ശിഷ്യത്വം
Discipleship as Readiness to die with Christ
യെശ. 8:16-9:3 2 തിമോ. 2:1-13
1 തെസ്സ. 1:1-10 യോഹന്നാൻ 11:5-16

9 ഞായർ വൈദിക ഞായർ (Clergy Sunday)
വൈദികർ: ദൈവരാജ്യ ശുശ്രൂഷകർ
Priests: Ministers of the Kingdom of God
പെന്തെക്കൊസ്തിനുശേഷം 6-ാം ഞായർ
യെഹ. 33:1-9 എഫേ. 4:7-16 ആവ. 5:20-33
1 തിമോ. 6:11-16 മത്തായി 9:35-38 സങ്കീ.119:89-104

16 ഞായർ ദൈവജനം: യേശുക്രിസ്തുവിന്റെ ശരീരം
People of God: The Body of Jesus Christ
പെന്തെക്കൊസ്തിനുശേഷം 7-ാം ഞായർ
യോശു. 1:1-9 2 കൊരി. 5:16-21 ന്യായാ. 6:11-24
1 കൊരി. 12:27-31 മത്തായി 5:43-48 സങ്കീ. 18:1-6

23 ഞായർ മരണത്തിലൂടെ ജീവൻ എന്ന സുവിശേഷം
Good News: Life through death
പെന്തെക്കൊസ്തിനുശേഷം 8-ാം ഞായർ
ആവ. 6:1-17 റോമ. 8:12-17 യെശ. 53
എഫേ. 3:1-13 യോഹന്നാൻ 12:20-26 2 കൊരി.4:7-12

25 ചൊവ്വ യാക്കോബ് ശ്ലീഹാദിനം
യിര. 26:1-15 അ.പ്ര. 11:27-12:3
അ.പ്ര. 8:1-11 മർക്കോസ് 10:35-45

30 ഞായർ ദൗത്യത്തിനായി ശക്തീകരിക്കുന്ന പരിശുദ്ധാത്മാവ്
Holy Spirit who empowers for Mission
പെന്തെക്കൊസ്തിനുശേഷം 9-ാം ഞായർ
യെശ. 61:1-4 ഗലാ. 5:16-24 യോവേ. 2:12-17
അ.പ്ര. 1:1-11 യോഹന്നാൻ 20:19-23 1 കൊരി.2:10-16

## ആഗസ്റ്റ്

1 ചൊവ്വ പതിനഞ്ച് നോമ്പാരംഭം
ദാനീ. 1:1-21 റോമ. 12:19-21
1 യോഹ. 3:1-12 മത്തായി 5:38-41

6 ഞായർ മിഷൻ സണ്ടേ
മറുരൂപപ്പെരുന്നാൾ: മശിഹായുടെ തേജസ്കരണം മരണത്തിലൂടെ. Glorification of the Messiah through death
പെന്തെക്കൊസ്തിനുശേഷം 10-ാം ഞായർ
പുറ. 34:29-35 2 കൊരി. 3:5-11 പുറ. 24:12-18
2 പത്രൊ. 1:12-21 ലൂക്കോസ് 9:28-36 എബ്രാ.12:18-29

13 ഞായർ വിശുദ്ധ കുർബ്ബാന: രക്ഷാകര സംഭവത്തിന്റെ അനുസ്മരണവും അനുഭവവും.
Holy Qurbana: Commemoration and the experience of the salvific event
പെന്തെക്കൊസ്തിനുശേഷം 11-ാം ഞായർ
ഉല്പ. 14:17-24 1 കൊരി. 11:23-34 പുറ. 16:9-21
1 കൊരി. 10:14-22 മർക്കോസ് 14:22-25 യോഹന്നാൻ 1:1-10

15 ചൊവ്വ പതിനഞ്ച് നോമ്പ് വീടൽ
ഭാരത സ്വാതന്ത്ര്യദിനം
പുറ. 23:1-9 ഗലാ. 5:1-6
അ.പ്ര. 15:1-11 ലൂക്കോസ് 6:20-26

20 ഞായർ നവീകരണ ഞായർ
ദൈവവചനത്തിലൂടെ നവീകരിക്കപ്പെടേണ്ട ജീവിതം
Life: To be reformed through the word of God
പെന്തെക്കൊസ്തിനുശേഷം 12-ാം ഞായർ
2 രാജാ. 23:1-6 എബ്രാ. 4:12-13 യോശു. 3:1-17
1 യോഹ. 2:14-17 ലൂക്കോസ് 8:9-15 ഗലാ. 1:1-6

27 ഞായർ വെളിച്ചമാകാൻ വിളിക്കപ്പെട്ടവർ
Called to be the Light
മതബഹുല സമൂഹത്തിലെ സഭ
പെന്തെക്കൊസ്തിനുശേഷം 13-ാം ഞായർ
യെശ. 60:1-10 1 പത്രൊ. 2:1-10 2 രാജാ. 5:1-14
അ.പ്ര. 10:9-16 മത്തായി 5:13-16 സങ്കീ. 67



## സെപ്റ്റംബർ

3 ഞായർ വിദ്യാഭ്യാസ ദിനം - കരുതലിന്റെ വിദ്യാഭ്യാസം
Care oriented education
പെന്തെക്കൊസ്തിനുശേഷം 14-ാം ഞായർ
സദൃ. 1:1-12 കൊലൊ. 1:24-29 സദൃ. 4:1-9
അ.പ്ര. 8:26-38 മത്തായി 19:16-22 തീത്തൊ. 2:1-5

10 ഞായർ സേവികാസംഘദിനം
സ്ത്രീകൾ ക്രിസ്തുവിന്റെ അപ്പൊസ്തലർ
Women: The Apostles of Christ
പെന്തെക്കൊസ്തിനുശേഷം 15-ാം ഞായർ
സംഖ്യാ. 27:1-11 റോമ. 16:1-6 എസ്ഥേ. 7:1-10
അ.പ്ര. 16:11-15 യോഹന്നാൻ 4:27-30 ലൂക്കോസ് 1:46-50

17 ഞായർ മുതിർന്ന പൗരരുടെ ഞായർ (Senior Citizen's Sunday)
വിശ്വാസവും അനുഭവവും സമന്വയിക്കുന്ന വാർദ്ധക്യം
Old Age that combines Faith and Experience
പെന്തെക്കൊസ്തിനുശേഷം 16-ാം ഞായർ
യെശ. 40:21-31 1 തിമൊ. 5:1-10 സങ്കീ. 71
എഫെ. 6:1-9 ലൂക്കോസ് 2:25-38 1 യോഹന്നാൻ 4:7-21

21 വ്യാഴം മത്തായി ശ്ലീഹാ ദിനം
യെശ. 4:1-6 1 തെസ്സ. 1:2-6
എഫെ. 6:1-9 മത്തായി 13:44-52

24 ഞായർ നമ്മുടെ കർത്താവിന്റെ മഹത്വപ്രത്യക്ഷത
The Glorious coming of our Lord
പെന്തെക്കൊസ്തിനുശേഷം 17-ാം ഞായർ
മലാഖി 3:13-4:2 അ.പ്ര. 1:6-11 2 ശമു. 18:24-33
1 തെസ്സ. 4:13-18 മത്തായി 24:42-51 സങ്കീ. 15

27 ബുധൻ ദക്ഷിണേന്ത്യ സഭയുടെ സ്ഥാപക ദിനം
(CSI Formation Day)
യെഹ. 37:15-22 എഫെ. 4:1-6 സങ്കീ. 133
1 യോഹ. 3:1-12 യോഹന്നാൻ 17:9-17 1 കൊരി. 10:15-17

## ഒക്ടോബർ

1 ഞായർ സന്നദ്ധ സുവിശേഷക സംഘദിനം
വ്യത്യസ്ത ജീവന ഇടങ്ങളിലെ ക്രൈസ്തവ സാന്നിദ്ധ്യം.
Christian Presence in differing Life spaces
പെന്തെക്കൊസ്തിനുശേഷം 18-ാം ഞായർ
യെശ. 49:1-6 ഗലാ. 1:11-17 നെഹ. 1:1-11
അ.പ്ര. 16:19-34 ലൂക്കോസ് 12:41-48 സങ്കീ. 3

8 ഞായർ സകല സൃഷ്ടികളുടെയും വ്യത്യസ്തതയും അന്തസ്സും
Difference and Dignity of All Creation.
വ്യത്യസ്ത കഴിവുകൾ ഉള്ളവരുടെ ദിനം.
പെന്തെക്കൊസ്തിനുശേഷം 19-ാം ഞായർ
യെശ. 35:1-10 1 തെസ്സ. 5:12-22 2 ശമു. 9:1-13
അ.പ്ര. 14:1-10 ലൂക്കോസ് 14:12-14 സങ്കീ. 37

15 ഞായർ യുവജന ഞായർ-യൗവ്വനം ക്രിസ്തുവിനോടുകൂടെ
Youth with Christ
പെന്തെക്കൊസ്തിനുശേഷം 20-ാം ഞായർ
ദാനി. 1:11-17 1 തിമൊ. 4:11-16 1 ശമു. 17:32-50
1 പത്രോ. 3:13-18 മത്തായി 7:21-27 സങ്കീ. 111

22 ഞായർ ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനം
കുടുംബം ദൈവരാജ്യത്തിന്റെ പ്രകാശനം
Family an expression of the Kingdom of God
യോശു. 24:14-22 എഫേ. 5:21-33 ഉല്പ. 2:18-25
അ.പ്ര. 10:1-8 ലൂക്കോസ് 10:38-42 1 യോഹ. 2:7-17

29 ഞായർ കുമ്പസാരം: ദൈവത്തോടും മനുഷ്യരോടും ഉള്ള അനുരഞ്ജനത്തിന്റെ കൂദാശ
Confession: Sacrament of Reconciliation with God and Human
ഉല്പ. 45:1-15 2 കൊരി. 5:16-21 സങ്കീ. 51
1 കൊരി. 6:1-11 മത്തായി 22:34-40 എഫെ. 2:11-22



## നവംബർ

1 ബുധൻ സകല വിശുദ്ധരുടെയും നാൾ
യെശ. 26:1-16 എഫെ. 1:15-23
വെളി. 4:1-11 യോഹന്നാൻ 11:21-27

5 ഞായർ സഭാ ശുദ്ധീകരണം-കൂദോശ് ഈത്തോ
സഭാ വത്സരത്തിന്റെ ആരംഭം - World Sunday School Day
അഖിലലോക സണ്ടേസ്കൂൾ ദിനം
ക്രിസ്തുവിന്റെ നൊമ്പരത്തിൽ പങ്കു വഹിക്കേണ്ട കുട്ടികൾ
Children: To be partakers in the concerns of Christ
സദൃ. 3:1-8 എഫേ. 6:1-4 1 ശമു. 3:1-12
1 യോഹ. 3:1-12 യോഹന്നാൻ 6:1-14 സങ്കീ. 127

12 ഞായർ സഭയുടെ പുതുക്കം-Renewal of the Church
ഹൂദോസ് ഈത്തോ
സി.എസ്.ഐ., സി.എൻ.ഐ. മാർത്തോമ്മാ സഭകളുടെ ഐക്യാഘോഷം
യോശു. 22:21-29 1 കൊരി. 12:12-27 യിര. 29:1-9
എഫേ. 4:1-7 യോഹന്നാൻ 10:11-18 സങ്കീ.106:1-12

19 ഞായർ സെഖര്യാവിനോടുള്ള അറിയിപ്പ്
രക്ഷയുടെ വഴിയൊരുക്കുന്ന ദൈവിക ഇടപെടൽ
God's Intervention that paves the way of Salvation
ന്യായാ. 13:2-14 എബ്രാ. 11:6-12 സങ്കീ. 145
എബ്രാ. 6:9-12 ലൂക്കോസ് 1:5-23 വെളി. 8:1-8

26 ഞായർ കന്യക മറിയാമിനോടുള്ള അറിയിപ്പ്
ലോകരക്ഷകന്റെ അമ്മയാകാനുള്ള വിളി
Call to be the mother of the Saviour of the world
സെഖ. 2:10-13 1 കൊരി. 1:26-31 ഉല്പ. 18:1-18
റോമ. 1:1-7 ലൂക്കോസ് 1:26-38 അ.പ്ര. 16:11-15

29 ബുധൻ ഉത്തരേന്ത്യാ സഭയുടെ സ്ഥാപക ദിനം
C.N.I. Formation Day
യെശ. 65:17-25 2 കൊരി. 1:3-11
1 കൊരി. 12:12-26 യോഹന്നാൻ 17:17-26

30 വ്യാഴം അന്ത്രയാസ് ശ്ലീഹാ നാൾ - St. Andrew's Day

## ഡിസംബർ

1 വെള്ളി ഇരുപത്തിയഞ്ച് നോമ്പ് ആരംഭം
യെശ. 2:10-22 ഗലാ. 2:12-20
1 തെസ്സ. 4:1-12 യോഹന്നാൻ 1:1-15

3 ഞായർ വേദപുസ്തക ഞായർ-കന്യക മറിയയും
എലീശബെത്തും തമ്മിലുള്ള കൂടിച്ചേരൽ
രക്ഷയുടെ സുവാർത്ത പങ്കിടുന്ന സംഗമം
The meeting that shares the Good news of Salvation
ഉല്പ. 33:1-15 റോമർ 15:5-9 ഉല്പ. 33:1-17
2 കൊരി. 1:3-10 ലൂക്കോസ് 1:39-45 സങ്കീ. 146

10 ഞായർ യോഹന്നാൻ സ്നാപകന്റെ ജനനം.
യോഹന്നാൻ സ്നാപകൻ:
'സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ വലിയവൻ'
John the Baptist: 'Greatest Among those born of women'
മലാഖി 3:1-4 1 കൊരി. 4:1-6 സങ്കീ.119:49-56
അ.പ്ര. 13:17-26 ലൂക്കോസ് 1:57-66 ഗലാ. 1:11-17

17 ഞായർ യോസേഫിനോടുള്ള അറിയിപ്പ്
യോസേഫ്- ഉയർന്ന നീതിയുടെ പ്രയോക്താവ്
Joseph- A Man of Higher Justice
സെഫ. 3:14-20 റോമ. 14:13-19 യെശ. 35:1-10
1 കൊരി. 13:1-13 മത്തായി 1:18-23 സങ്കീ. 43

21 വ്യാഴം മാർത്തോമ്മാ സഭാ ദിനം
യോവേൽ 2:11-17 1 കൊരി. 3:1-9
റോമർ 12:3-18 യോഹന്നാൻ 20:24-29

24 ഞായർ രക്ഷകന്റെ ആഗമനം
Coming of the Saviour
യെശ. 11:1-9 അ.പ്ര. 3:19-26 നെഹ. 12:27-43
1 യോഹ. 4:7-16 യോഹന്നാൻ 1:14-18 2 കൊരി. 7:1-16



25 തിങ്കൾ ജനനപ്പെരുന്നാൾ
ഇരുപത്തിയഞ്ച് നോമ്പ് വീടൽ
രക്ഷകന്റെ പിറവി : സർവ്വജനത്തിനുമുള്ള
മഹാസന്തോഷം
Birth of the Saviour : Good News to All
മീഖാ. 5:1-9 ഗലാ. 4:1-7 യെശ. 7:10-14
ഫിലി. 2:5-11 ലൂക്കോസ് 2:1-14 സങ്കീ. 128

31 ഞായർ ക്രിസ്തുവിനോടൊപ്പം പുതുവത്സരത്തിലേക്ക്
With Christ in to the New Year
1 ശമു. 7:1-12 റോമ. 8:31-39
വെളി. 21:1-8 മത്തായി 5:1-12

## പ്രത്യേക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള വേദഭാഗങ്ങൾ

### പാഠങ്ങൾ

1. വിദ്യാലയ വർഷാരംഭം സ്തോത്രശുശ്രൂഷ
   1 രാജാ. 3:4-15 യാക്കോ. 1:5-8
   കൊലോ. 1:3-14 വി.ലൂക്കോ. 2:41-52

2. സി.എസ്.ഐ-സി.എൻ.ഐ-മാർത്തോമ്മാ ഐക്യ പ്രാർത്ഥനാദിനം
   യെഹ. 37:15-28 എഫെ. 4:1-7
   1 കൊരി. 1:10-18 വി.യോഹ. 17:18-26

3. ഇടവകദിനം
   യെശ. 60 അ.പ്ര. 4:32-35
   ഫിലി. 2:1-18 വി.ലൂക്കോ. 13:1-9

4. ഭദ്രാസനദിനം
   യെശ. 43:1-13 2 കൊരി. 5:11-19
   എബ്രാ. 12:1-13 വി.യോഹ. 15:1-12

5. വർഷാവസാനം - Year ending - watch Night ഡിസംബർ 31
   ആവ. 8:1-20 1 തെസ്സ 5:1-11
   2 കൊരി. 9:10-15 വി.ലൂക്കോ. 13:6-9

6. ആദ്യഫലശേഖരം
   ആവ. 26:1-11 ഫിലി. 4:10-20
   2 കൊരി. 9:1-9 വി.മത്താ. 21:1-4

7. ഗായകസംഘദിനം
   പുറ. 15:1-18 എഫെ. 5:15-21
   അ.പ്ര. 16:19-34 വി.ലൂക്കൊ. 1:46-55

8. വയോവൃദ്ധർക്കുള്ള ആരാധന
   ഉല്പ. 48:1-22 2 തിമൊ. 4:1-8
   2 കൊരി. 4:7-18 വി.ലൂക്കൊ. 2:25-38

9. ജന്മദിനം
   ഉല്പ. 47:1-10 2 കൊരി. 2:14-17
   സങ്കീ. 103:1-12 വി.ലൂക്കൊ. 1:67-80

10. വിവാഹ വാർഷികം
   ഉല്പ. 2:18-25 എഫെ. 5:21-32
   എഫെ. 3:14-21 വി.മത്താ. 19:3-12



11. യാത്ര
   സങ്കീ. 16 സങ്കീ. 91, 121
   യോശു. 1:1-9

12. അധൈര്യം, തോൽവി
   സങ്കീ. 23, 40, 73, 130

13. രോഗം, വേദന
   2 രാജാ. 20:1-11 2 കൊരി. 12:1-10
   സങ്കീ. 42, 43 വി.മർക്കൊ. 10:46-52

14. കഠിന നഷ്ടമോ, സങ്കടമോ വരുമ്പോൾ
   ഇയ്യോ. 1 2 കൊരി. 11:23-33
   സങ്കീ. 3, 6 വി. യോഹ. 11:16-35

15. സന്തോഷം, വിജയം
   സങ്കീ.103, 106, 116 വി. ലൂക്കോ. 15

16. പുതിയ ചുമതല ഏല്ക്കുമ്പോൾ
   പുറ. 3:1-14 സങ്കീ. 27
   യോശു. 1

17. പ്രിയപ്പെട്ടവരുടെ മരണം ഉണ്ടാകുമ്പോൾ
   ഉല്പ. 50:1-13 1 കൊരി. 15 2 കൊരി. 5:1-10
   ഇയ്യോ. 14:1-22 1 തെസ്സ. 4:13-18
   സഭാ. 2:11-26 വെളി. 7:9-17
   സഭാ. 3:1-22 വെളി. 21:1-7
   സങ്കീ. 39, 42, 90 വി. യോഹ. 11:20-27
   വി.യോഹ.5:19-29 വി. മത്താ. 25:1-13

18. പട്ടംകൊട ശുശ്രൂഷ
   ശെമ്മാശ്: 1 തിമൊ. 3:8-13 1 തിമൊ.4:1-8
   1 പത്രൊ. 4:1-19 വി. യോഹ. 12:20-36
   കശ്ശീശാ: 1 തിമൊ. 3:1-7 1 തിമൊ. 4:12-16
   തീത്തോ. 1:4-9 1 പത്രൊ. 2:1-10
   1 പത്രൊ. 5:1-11 വി. യോഹ. 20:19-23

19. ദൈവാലയത്തിന്റെ കല്ലിടീൽ
   ഉല്പ. 28:10-22 1 പത്രൊ. 2:1-10
   എഫെ. 2:11-22 വി.മത്താ. 7:24-29

20. ദൈവാലയത്തിന്റെ പ്രതിഷ്ഠ
   1 രാജാ. 8:22-30 എബ്രാ. 8
   എബ്രാ. 9:11-28 വി. മത്താ. 16:13-19

| പ്രത്യേക സ്തോത്രകാഴ്ചകൾ | |
|---|---|
| 1. ബാഹ്യകേരള മിഷൻ | ജനുവരി 1 |
| 2. മെഡിക്കൽ മിഷൻ ഞായർ | ഫെബ്രുവരി 5 |
| 3. വൈദീക സെമിനാരി (ഹോശാന ഞായർ) | ഏപ്രിൽ 2 |
| 4. ഭൂഭവനദാന പ്രസ്ഥാനം | മെയ് 7 |
| 5. ദിവ്യസംഗീത ഞായർ | മെയ് 28 |
| 6. പട്ടക്കാരുടെ ചികിത്സാസഹായ നിധി | ജൂൺ 4 |
| 7. ദശാംശ സമർപ്പണ ഞായർ | ജൂലൈ 2 |
| 8. മിഷൻ സണ്ടേ | ആഗസ്റ്റ് 6 |
| 9. വിദ്യാഭ്യാസ ദിനം | സെപ്തംബർ 3 |
| 10. സന്നദ്ധ സുവിശേഷസംഘ ദിനം | ഒക്ടോബർ 1 |
| 11. യുവജന ഞായർ | ഒക്ടോബർ 15 |
| 12. ലോക സണ്ടേസ്കൂൾ ദിനം | നവംബർ 5 |
| 13. വേദപുസ്തക ദിനം | ഡിസംബർ 3 |



## മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## വചനശുശ്രൂഷയ്ക്കുള്ള കുറിപ്പുകൾ – 2023

**ജനുവരി**

**1 ഞായർ** – *സകല ജനതകൾക്കും വേണ്ടിയുള്ള സുവാർത്ത*

യേശു സകല ജനങ്ങളുടെയും കർത്താവാണ്. യേശുവിന്റെ അധികാരം ഏതെങ്കിലും ദേശമോ, രാജ്യമോ, ഭാഷയോ ജനങ്ങളോ മാത്രമായി പരിമിതപ്പെടുത്തുന്നില്ല. സകല ജനതകളെയും ശിഷ്യത്വത്തിലേക്ക് നയിക്കുക എന്നതാണ് ശിഷ്യരുടെ പ്രധാന ദൗത്യം. ശിഷ്യത്വത്തിന്റെ കാതൽ എന്നത് യേശു പഠിപ്പിച്ച കാര്യങ്ങൾ ജീവിതത്തിൽ പ്രമാണിക്കുക എന്നതാണ്. അതായത് ദൈവേഷ്ടം ചെയ്യുന്ന ജീവിതമാണ് ക്രിസ്തീയ ശിഷ്യത്വം (മത്താ. 5:20, 7:21).

**8 ഞായർ** – *ശരീരം: വിശുദ്ധിയിൽ കാക്കേണ്ട ദൈവിക മന്ദിരം*

ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാണ്. ശരീരത്തിന്റെ വിളക്ക് കണ്ണാകുന്നു. ഭൗതിക കണ്ണ് എന്നതിനേക്കാൾ ജീവിത ദർശനത്തെയാണ് കണ്ണ് സൂചിപ്പിക്കുന്നത്. ദൈവീക പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കുമ്പോൾ നമ്മുടെ ജീവിതം വെളിച്ചമായി മാറും. ഇരുട്ടിന്റെ സ്വാധീനങ്ങൾക്ക് കീഴ്പ്പെടുമ്പോൾ നമ്മിലെ വെളിച്ചം നഷ്ടമാകുന്നു. നമ്മുടെ ശരീരത്തെ വിശുദ്ധിയിൽ കാത്ത് ദൈവ നാമ മഹത്വത്തിനായി ജീവിക്കുവാൻ കഴിയണം.

**15 ഞായർ** – *ഫലകരമായ ക്രിസ്തീയ ജീവിതം*

ഫലകരമായ ജീവിതം ക്രിസ്തുവിൽ വസിക്കുന്നതിലൂടെയാണ് സാദ്ധ്യമാകുന്നത്. ദൈവവചനം ജീവിതത്തിൽ പ്രാവർത്തികമാക്കി ജീവിക്കുമ്പോഴാണ് കൂടുതൽ ഫലം പുറപ്പെടുവിക്കാൻ കഴിയുക. ഫലം പുറപ്പെടുവിക്കുന്ന ജീവിതത്തിലൂടെ ദൈവ നാമം മഹിമപ്പെടും, നമ്മൾ ക്രിസ്തുശിഷ്യരെന്ന് ലോകം അറിയും. 'ഫലം' എന്നത് യോഹന്നാൻ 13:35 നോട് ചേർത്തു വായിക്കാം. ശിഷ്യർ തമ്മിലുള്ള സ്നേഹമാണ് ഫലം എന്നതിലൂടെ അർത്ഥമാക്കുന്നത്.

**22 ഞായർ** – *സഭകളുടെ ഐക്യം-ദൈവിക താല്പര്യം*

സഭകളുടെ ഐക്യം ദൈവീക താല്പര്യമാണ്. ക്രിസ്തീയ സാക്ഷ്യത്തിന് ഇത് അനിവാര്യമാണ്. യേശുവിന്റെ പ്രാർത്ഥന

ഇതു വ്യക്തമാക്കുന്നു. ക്രിസ്തു ഒന്നേയുള്ളൂ. അതിനാൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയും ഒന്നേയുള്ളൂ. എന്നാൽ വ്യത്യസ്ത സഭാവിഭാഗങ്ങൾ ഇന്ന് ഉണ്ട്. എല്ലാ സഭകളും ഒന്നാകുക എന്നതിനേക്കാളുപരി ഒരുമിച്ചുനിന്ന് ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുവാൻ കഴിയുക എന്നതാണ് പ്രധാനം.

**29 ഞായർ** – *ദൈവിക കരുതലിലുള്ള ആശ്രയം*

സ്വർഗ്ഗസ്ഥനായ പിതാവിന്റെ പരിപാലനത്തിൽ വിശ്വസിക്കുവാൻ നമുക്കു കഴിയണം. വിലയുള്ള ജീവിതവും ശരീരവും നമുക്കു നൽകിയ ദൈവം ആഹാരവും വസ്ത്രവും നൽകാതിരിക്കുമോ? ജീവിതസന്ധാരണത്തിനുവേണ്ടി ആകുലതയില്ലാതെ, സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരുതലിലും പരിപാലനത്തിലും വിശ്വസിച്ച്, ദൈവരാജ്യ അന്വേഷണത്തിനു മുൻതൂക്കം കൊടുത്ത് ജീവിക്കുക എന്നതാണ് ദൈവരാജ്യത്തിന്റെ ആത്മീയത ആവശ്യപ്പെടുന്നത്. ദൈവീക പരിപാലനത്തെക്കുറിച്ചുള്ള അല്പവിശ്വാസമാണ് ഉൽക്കണ്ഠയുടെ അടിസ്ഥാനം.

**ഫെബ്രുവരി**

**5 ഞായർ** – *യേശുക്രിസ്തുവിലൂടെയുള്ള സൗഖ്യം*

യേശുവിന്റെ ദൈവരാജ്യശുശ്രൂഷയുടെ അവിഭാജ്യഘടകമായിരുന്നു സൗഖ്യമാക്കൽ. ഇന്നത്തെ സുവിശേഷ വേദഭാഗത്ത് പരമ്പരാഗത യഹൂദസമൂഹത്തിൽ വേണ്ട അംഗീകാരമില്ലാതിരുന്ന മൂന്നുപേരെ സൗഖ്യമാക്കുന്നതാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് യെശ. 53:4 മത്തായി ഉദ്ധരിക്കുന്നു. 'അവൻ നമ്മുടെ ബലഹീനതകളെ എടുത്തു, വ്യാധികളെ ചുമന്നു' എന്ന ഉദ്ധരണിയിൽ യേശുവിന്റെ സൗഖ്യമാക്കൽ ശുശ്രൂഷ യെശയ്യാ പ്രവചനത്തിന്റെ പൂർത്തീകരണം എന്നു വെളിവാകുന്നു. ദൈവപുത്രനായ (രാജാവായ) യേശു തന്റെ കഴിവുകൾ ദാസനെപ്പോലെ ശുശ്രൂഷ ചെയ്ത് അനേകരെ രോഗത്തിൽനിന്നു വിമോചിപ്പിക്കുന്നു. ഈ സൗഖ്യമാക്കൽ ശുശ്രൂഷ സഭയെ ഭരമേല്പിച്ചിരിക്കുന്നു.

**12 ഞായർ** – *സൃഷ്ടിയുടെ പൂർണ്ണതയിലേക്ക് നയിക്കുന്ന ശബത്ത്*

മനുഷ്യന്റെ ആവശ്യങ്ങളാണ് ആചാരങ്ങളേക്കാൾ പ്രാധാന്യമർഹിക്കുന്നത്. നിയമാനുഷ്ഠാനങ്ങളെക്കാൾ കരുണയ്ക്ക് ദൈവം പ്രാധാന്യം കൊടുക്കുന്നു. കരുണയിൽ അടിസ്ഥാനപ്പെട്ട യേശുവിന്റെ ദൈവരാജ്യശുശ്രൂഷയാണ് വാസ്തവത്തിൽ



ശബ്ബത്തിന്റെ കാതൽ. അതുകൊണ്ട് മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാണ്. യേശു സൗഖ്യം നൽകിയും ജീവൻ നൽകിയും ശബ്ബത്ത് ദിവസം ചിലവഴിച്ചു. ശബ്ബത്ത് സൃഷ്ടിയുടെ പൂർണ്ണതയിലേക്ക് നയിക്കുന്നതാണ്.

**19 ഞായർ** – *നോമ്പ്: രൂപാന്തരത്തിനായുള്ള ക്ഷണം*

നോമ്പ് രൂപാന്തരത്തിനായുള്ള ക്ഷണമാണ്. ഗുണപരമായ മാറ്റമാണ് രൂപാന്തരത്തിലൂടെ സാധിക്കേണ്ടത്. മനസ്സ് പുതുക്കി രൂപാന്തരപ്പെടുവാനാണ് പൗലോസ് ആവശ്യപ്പെടുന്നത്. ജീവിതത്തെ പൂർണ്ണമായി ദൈവഹിതത്തിനു സമർപ്പിക്കുന്ന അനുഭവമാകണം നോമ്പാചരണം.

**26 ഞായർ** – *ശുദ്ധീകരിക്കുന്ന യേശുക്രിസ്തു*

യേശു കുഷ്ഠരോഗിയിൽനിന്നും അകലം പാലിച്ചില്ല, മറിച്ച് അവനെ തൊട്ടു. അവൻ ശുദ്ധനായി. കരുണയുടെ പ്രാധാന്യവും സമൂഹത്തിന്റെ അതിർവരമ്പുകളിലേക്ക് യേശു എത്തുന്നു എന്ന സന്ദേശവുമാണ് ഇത് നൽകുന്നത്. പാപികളായ മനുഷ്യരോടുള്ള യേശുവിന്റെ മനസ്സലിവാണ് ക്രൂശിലെ മരണത്തിലൂടെ വെളിപ്പെടുന്നത്. അവന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

**മാർച്ച്**

**5 ഞായർ** – *പാപവിമോചകനായ യേശുക്രിസ്തു*

ദൈവത്തിനു മാത്രമുള്ള അധികാരമാണ് പാപമോചനത്തിനുള്ള അധികാരം എന്നിരിക്കെ 'മകനെ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു' എന്ന യേശുവിന്റെ പ്രഖ്യാപനമാണ് ദൈവദൂഷണമായി ശാസ്ത്രിമാർ കണ്ടത്. പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നതിലൂടെ പാപങ്ങളെ മോചിക്കുന്നതിനും സൗഖ്യമാക്കുന്നതിനും ഉള്ള തന്റെ ദൈവിക അധികാരമാണ് യേശു വെളിവാക്കുന്നത്.

**12 ഞായർ** – *സകലരെയും ഉൾക്കൊള്ളുന്ന യേശുക്രിസ്തു*

മത്തായിയുടെ സുവിശേഷത്തിന്റെ ആദ്യവായനക്കാരുടെ യഹൂദ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം ഇന്നത്തെ സുവിശേഷഭാഗം മനസ്സിലാക്കുവാൻ. ദൈവത്തിനു യിസ്രായേലിനോടുള്ള വിശ്വസ്തതയാണ് യേശുവിലൂടെ വെളിപ്പെട്ടത് എന്ന് സാക്ഷിക്കുന്നതാണ് ഈ ഭാഗം (റോമ. 15:8 കാണുക). എന്നാൽ കനാന്യസ്ത്രീയുടെ വിശ്വാസം അംഗീകരിച്ചുകൊണ്ട് അവളുടെ മകൾക്കു

സൗഖ്യം കൊടുക്കുന്നതിലൂടെ യേശുവിന്റെ ദൗത്യത്തിന്റെ പരിധി വിസ്തൃതമാകുകയാണ്. യഹൂദ സങ്കുചിത മനോഭാവത്തിൽനിന്നും സകലരേയും ഉൾക്കൊള്ളുന്ന ദൈവരാജ്യദർശനത്തിലേക്കുള്ള മാറ്റമാണ് ഈ സംഭവത്തിലൂടെ വെളിവാകുന്നത്.

**19 ഞായർ** – *വീണ്ടെടുക്കുന്ന യേശുക്രിസ്തു*

അടിമത്വത്തിൽനിന്നും മനുഷ്യനെ വിമോചിപ്പിക്കുക എന്നതാണ് ദൈവീക മനസ്സ്. യിസ്രായേൽ മക്കളെ ഈജിപ്തിൽനിന്നും വിടുവിച്ചതും മനുഷ്യരാശിയെ പാപത്തിന്റെ അടിമത്വത്തിൽനിന്നു വിടുവിച്ചതുമെല്ലാം ഈ വിടുവിക്കുന്ന ദൈവത്തെയാണ് വെളിവാക്കുന്നത്. കൂനിയായ സ്ത്രീയെ ശബ്ബത്തിൽ സൗഖ്യമാക്കിയതിൽ നീരസപ്പെട്ട പള്ളിപ്രമാണിയെ കപടഭക്തിക്കാരേ എന്നു വിളിക്കുകയും ശബ്ബത്തുദിവസം ഒരു മൃഗത്തോടു കാണിക്കുന്ന ആർദ്രത പതിനെട്ട് സംവത്സരമായി സാത്താന്റെ ബന്ധനത്തിൽ കഴിഞ്ഞ സ്ത്രീയോട് കാണിക്കേണ്ടതല്ലേ എന്ന യേശുവിന്റെ ചോദ്യവും മനുഷ്യാളത്വത്തെ വിടുവിക്കാനുള്ള ദൈവമനസ്സിനെയാണ് വെളിവാക്കുന്നത്.

**26 ഞായർ** – *നവദർശനത്തിലേക്ക് നയിക്കുന്ന യേശുക്രിസ്തു*

കുരിശിനെ സ്വീകരിക്കുവാനുള്ള ഒരുക്കത്തോടെ യെരുശലേമിലേക്കുള്ള യേശുവിന്റെ യാത്രയുടെ അവസാനഭാഗത്തു നടക്കുന്ന സംഭവമാണ് ഇന്നത്തെ സുവിശേഷ വേദഭാഗം. യേശു ദാവീദിന്റെ കുലത്തിൽ നിന്നുള്ള മശിഹാ എന്നു അംഗീകരിച്ചു വിശ്വസിച്ചുകൊണ്ടാണ് ബർത്തിമായി വിളിക്കുന്നത്. ഈ വിശ്വാസത്തോടെയുള്ള നിലവിളി അവനെ സൗഖ്യത്തിലേക്കു നയിക്കുന്നു. സഹനത്തിന്റെ പാതയിൽ യാത്ര ചെയ്യുന്ന യേശുവിലൂടെ തനിക്കു ലഭിച്ച നവദർശനത്തോടെ ബർത്തിമായി ക്രൂശിന്റെ പാതയിൽ യേശുവിനെ അനുഗമിക്കുന്നു.

**ഏപ്രിൽ**

**2 ഞായർ** – *ഹോശാന: യേശുക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള പ്രവേശനം- രാജത്വത്തിന്റെ ബദൽ ശൈലി*

രാജാവായ യേശുവിന്റെ രാജത്വത്തിന്റെ ശൈലി എപ്രകാരം ഉള്ളതെന്ന് പ്രതീകാത്മകമായി അവതരിപ്പിക്കുന്നതാണ് കഴുതക്കുട്ടി മേൽ കയറി യെരുശലേമിലേക്കുള്ള യേശുവിന്റെ പ്രവേശനം. യഹൂദ രാജാക്കന്മാരിൽ നിന്ന് വ്യത്യസ്തനായി ദാസനായി ശുശ്രൂഷ ചെയ്യുന്ന രാജാവായ യേശുവിനെയാണ് നാം കാണുന്നത്. സ്വയം നേട്ടങ്ങൾക്ക് വേണ്ടി അധികാരം ഉപയോഗിക്കുന്ന ഒരു രാജാവിനെ അല്ല, മറിച്ച് മറ്റുള്ളവർക്ക് വേണ്ടി ജീവൻ നൽകുന്ന രാജാവായ യേശുവിനെയാണ് ഈ സംഭവം വെളിവാക്കുന്നത്.

**6 പെസഹാ വ്യാഴം** – *ലോകരക്ഷയ്ക്കായ് നുറുക്കപ്പെടുന്ന യേശുക്രിസ്തു*

മോശെ എന്ന ആദ്യവിമോചകൻ ജനത്തിനുവേണ്ടി യാഗം നടത്തി ഉടമ്പടിയിൽ പ്രവേശിച്ചത് പോലെ യേശു എന്ന വിമോചകൻ തന്റെ രക്തം ചൊരിഞ്ഞുകൊണ്ട് പാപമോചനത്തിനുവേണ്ടി പുതിയ നിയമം സ്ഥാപിക്കുന്നു. 'അനേകർക്ക് വേണ്ടി പാപമോചനത്തിനായി' എന്നത് യെശ:53 ലെ അനേകരുടെ പാപം വഹിക്കുന്ന, സ്വയമായി ജീവൻ നൽകുന്ന, കഷ്ടപ്പെടുന്ന ദാസൻ എന്ന ആശയത്തെയാണ് സൂചിപ്പിക്കുന്നത്. മത്തായി 20:28 ൽ "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിക്കുവാൻ അല്ല, ശുശ്രൂഷ ചെയ്യുവാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതത്രെ" എന്ന വാക്യം ഇതിനോട് ചേർത്ത് വായിക്കാം.

**7 ദു:ഖവെള്ളി** *(Good Friday)*

*യേശുക്രിസ്തുവിന്റെ രക്ഷാകര മരണവും കുരിശ് വഹിക്കാനുള്ള ക്ഷണവും*

ദൈവഹിതം തിരഞ്ഞെടുത്ത് അത് പൂർണമായി അനുസരിക്കുന്ന ദൈവപുത്രനായ യേശുക്രിസ്തുവിനെ ആണ് ക്രൂശിൽ നാം കാണുന്നത്. ലോകത്തിന് രക്ഷ പ്രദാനം ചെയ്യുന്നതിനായി പിതാവിന്റെ ഹിതം പൂർണ്ണമായി നിറവേറ്റുന്നതിന് യേശു ക്രൂശുമരണം സ്വയമേവ ഏറ്റെടുത്തു. ലോകത്തിനു രക്ഷ പ്രദാനം ചെയ്യുക എന്ന പിതാവായ ദൈവത്തിന്റെ ഹിതം സമ്പൂർണ്ണമായി നിവർത്തിക്കുന്നതാണ് യേശുവിനെ നയിക്കുന്ന പ്രധാന യാഥാർത്ഥ്യം (യോഹ:6:38). ആയതിന്റെ പൂർത്തീകരണമാണ് യേശുവിന്റെ കുരിശുമരണം. ക്രൂശ് വഹിക്കാനുള്ള ക്ഷണവും നമുക്ക് നൽകുന്നു (മത്താ. 27:32).

**9 ഞായർ** – *ഉയിർപ്പ് പെരുന്നാൾ-പുതുജീവന്റെ ആഘോഷം*

യേശുവിന്റെ ഉയിർപ്പ് നൽകുന്ന പാഠം, മരണം അന്ത്യമല്ല, മറിച്ച് ഉത്ഥാനത്തിലേക്ക് നയിക്കുന്ന മാർഗമാണ്. ഉത്ഥാനം ഇരുളിന്റെ

തോൽവിയേയാണ് സൂചിപ്പിക്കുന്നത്. അതിനാൽ ഉയിർപ്പ് പുതു ജീവന്റെ ആഘോഷമാണ്.

**16 ഞായർ** – *യഥാസ്ഥാനപ്പെടുത്തുന്ന യേശുകർത്താവ്*

ഭയത്തിന്റെയും കണ്ണുനീരിന്റെയും സംശയത്തിന്റെയും സാഹചര്യത്തിൽ നമ്മുടെ അടുക്കലേക്ക് വരുന്ന കർത്താവ് നമ്മെ യഥാസ്ഥാനപ്പെടുത്തുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് ഇന്നും നമ്മുടെ ഇടയിൽ ജീവിക്കുന്നു, നമ്മെ യഥാസ്ഥാനപ്പെടുത്തുന്നു എന്ന ബോധ്യം നമുക്ക് പ്രത്യാശ നൽകുന്നു.

**23 ഞായർ** – *സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്തുന്ന കർത്താവ്*

ദൗത്യം ഭരമേല്പിക്കപ്പെട്ട പത്രോസ് അത് വിട്ട് മീൻപിടിത്തത്തിലേക്ക് പോയി. എന്നിരുന്നാലും പത്രോസിന്റെ പരാജയത്തിന്റെ അവസ്ഥയിൽ ഉത്ഥിതനായ കർത്താവ് പത്രോസിന്റെ അടുത്തേക്ക് വരുന്നു. തൊഴിൽ രംഗത്ത് നേരിടുന്ന പരാജയ സാഹചര്യത്തെ രൂപാന്തരപ്പെടുത്തുന്നു. നമ്മുടെ ജീവിത സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്താൻ ഉത്ഥിതനായ കർത്താവ് കൂടെയുണ്ട്

**30 ഞായർ** – *സഹയാത്രികനായ ഉയിർത്തെഴുന്നേറ്റ കർത്താവ്*

യെരുശലേമിൽ നടന്ന സംഭവങ്ങളിൽ നിരാശപ്പെട്ട് യാത്ര ചെയ്യുന്ന ശിഷ്യരോടൊത്ത് സഹയാത്രികനായി ചേരുന്ന ഉയിർത്തെഴുന്നേറ്റ കർത്താവ് തിരുവചനത്തിന്റെ വെളിച്ചത്തിൽ യെരുശലേമിലെ സംഭവങ്ങളെ അവർക്ക് വ്യാഖ്യാനിച്ചു കൊടുത്തു. അവരോടൊത്ത് ഭക്ഷണത്തിനിരിക്കുമ്പോൾ അപ്പം എടുത്തു വാഴ്ത്തി അവർക്ക് കൊടുത്തപ്പോൾ അവർ യേശുവിനെ തിരിച്ചറിഞ്ഞു. ഇത് അവരുടെ നിരാശ നിറഞ്ഞ ജീവിതത്തെ സന്തോഷം ഉള്ളതാക്കി. അവർ മടങ്ങി യരുശലേമിലേക്ക് ചെല്ലുകയും അവിടെ കൂടിയിരുന്നവരോട് യേശു അവർക്ക് വെളിപ്പെട്ട വിവരങ്ങൾ വിവരിച്ചു പറഞ്ഞു. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സാന്നിധ്യം നമ്മുടെ ജീവിത യാത്രയിൽ ഉണ്ട് എന്നത് തിരിച്ചറിയുവാൻ കഴിയണം.

**മെയ്**

**7 ഞായർ**– *ഭൂഭവനദാന പ്രസ്ഥാനം-ചെറിയവരെ ഓർത്തുകൊൾവിൻ*

ചെറിയവരോടുള്ള കരുതലാണ് അന്ത്യ ന്യായവിധിയുടെ മാനദണ്ഡമായി സ്വീകരിക്കുന്നത് എന്ന് ഇന്നത്തെ സുവിശേഷ ഭാഗം ഓർമ്മിപ്പിക്കുന്നു. 'ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തിടത്തോളം' എനിക്കാകുന്നു ചെയ്തത് എന്നും 'ഈ ഏറ്റവും ചെറിയവരിൽ നിങ്ങൾ ചെയ്യാത്തിടത്തോളം എല്ലാം എനിക്ക് ആകുന്നു ചെയ്യാത്തത് എന്നും' ചെറിയവരിൽ യേശുവിനെ കാണണം എന്നും ഓർമിപ്പിക്കുന്നു. മനുഷ്യന്റെ ആവശ്യങ്ങളിൽ കരുണയുടെ പ്രവർത്തികൾ ചെയ്യുവാനുള്ള സന്ദേശമാണ് ഇത് നൽകുന്നത്. ദൈവയിഷ്ടം ചെയ്യുന്നവരാണ് ദൈവ രാജ്യത്തിൽ പ്രവേശിക്കുന്നത് എന്നും ഓർമ്മിപ്പിക്കുന്നു (മത്തായി 7:21,23).

**14 ഞായർ** – *ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സാക്ഷികൾ ആകുക*

ഇന്നത്തെ സുവിശേഷ ഭാഗം അപ്പൊ.പ്ര. ഒന്നാം അധ്യായവും ആയി ബന്ധിപ്പിക്കുന്നതാണ്. 'മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകലജാതികളോടും പ്രസംഗിക്കുക', 'ഉയരത്തിൽനിന്ന് ശക്തി ധരിക്കുക' എന്നീ ഭാഗങ്ങൾ അപ്പൊ:പ്ര. 1:8 വാക്യത്തോട് സമാനമാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സാക്ഷികൾ ആകുവാനുള്ള ആഹ്വാനമാണ് ശിഷ്യർക്ക് നൽകുന്നത്. കർത്താവിന്റെ ശുശ്രൂഷയുടെ സാക്ഷികൾ ആയിരുന്ന ശിഷ്യർ ആണ് ആ കർത്താവിന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും എല്ലാവരോടും പ്രസംഗിക്കുവാനായി ആഹ്വാനം ചെയ്യുന്നത്. ഈ സാക്ഷ്യജീവിതത്തിന് അവരെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. കർത്താവിന്റെ സാക്ഷികളായി ജീവിക്കുവാനുള്ള നിയോഗമാണ് ക്രിസ്തു ശിഷ്യർക്കുള്ളത്.

**21 ഞായർ** – *പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം*

യേശുക്രിസ്തു തന്നെ അയച്ച പിതാവിന്റെ അടുക്കൽ പോകുകയാണ്. എന്നാൽ ശിഷ്യരോടൊപ്പം എപ്പോഴും പാർക്കുന്നതിനായി പരിശുദ്ധാത്മാവിനെ അയയ്ക്കും എന്ന വാഗ്ദാനം യേശുക്രിസ്തു നൽകുന്നു. പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും എന്ന് കർത്താവ് പ്രസ്താവിക്കുന്നു. പാപബോധവും നീതിബോധവും ന്യായവിധി എന്ന യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അവബോധവും നൽകുന്നത് പരിശുദ്ധാത്മാവാണ്.

**28 ഞായർ** – *പെന്തെക്കൊസ്ത് പെരുന്നാൾ*

ഇന്ന് പെന്തെക്കൊസ്തു ദിനമാണ്. ത്രിത്വത്തിൽ ഒരുവനായ പരിശുദ്ധാത്മാവ് സൃഷ്ടികർമ്മം മുതൽ പങ്കാളിയാണ്. പഴയ നിയമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പ്രത്യേക ദൗത്യ

ത്തിനായി പ്രത്യേക വ്യക്തികൾക്ക് നൽകപ്പെട്ടിരുന്നു. എന്നാൽ പുതിയ നിയമത്തിൽ പരിശുദ്ധാത്മാവിനെ സഭയ്ക്ക് പൊതുവായി നൽകുന്നു. പെന്തെക്കൊസ്ത് ദിനത്തിൽ പരിശുദ്ധാത്മാവിനെ സഭയ്ക്ക് ലഭിക്കുന്നു. ഇത് യോവേൽ പ്രവചനത്തിന്റെ പൂർത്തികരണമായി പത്രോസ് വ്യാഖ്യാനിക്കുന്നു. (അപ്പൊ:പ്ര. 2:17) സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും എന്ന് ക്രിസ്തു വാഗ്ദാനം ചെയ്തതനുസരിച്ച് (യോഹ: 14:16) ക്രിസ്തുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയായി പരിശുദ്ധാത്മാവ് ഇന്ന് ലോകത്തിൽ പ്രവർത്തിക്കുന്നു . ദൈവത്തിന്റെ സാന്നിധ്യവും യാഥാർഥ്യവും ലോകത്ത് പ്രത്യേകിച്ചും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ അനുഭവവേദ്യമാകുന്നത് പരിശുദ്ധാത്മാവ് എന്ന ആളത്വത്തിൽ ആകുന്നു

**ജൂൺ**

**4 ഞായർ** – *ദൈവീകജ്ഞാനത്തിൽ വളരുക*

ദൈവദാനമായ കുഞ്ഞുങ്ങൾ ദൈവകൃപയിൽ വളരേണം എന്നതാണ് ദൈവിക താല്പര്യം. അപ്രകാരം വളരണമെങ്കിൽ അതിനു സഹായകരമായ കുടുംബാന്തരീക്ഷം ഉണ്ടായിരിക്കണം. ബാലനായ യേശുവിന് അത് ലഭിച്ചു. ജ്ഞാനം ദൈവത്തോടുള്ള ബന്ധത്തിൽ ആണ് അർത്ഥവത്താകുന്നത്. ജീവിതത്തിന്റെ വ്യത്യസ്തങ്ങളായ അനുഭവങ്ങളുടെ മദ്ധ്യത്തിൽ ദൈവോദ്ദേശ പ്രകാരം എപ്രകാരം ജീവിക്കണം എന്ന് അറിയുന്നതാണ് യഥാർത്ഥ ജ്ഞാനം (സദൃ:1:1-3).

**11 ഞായർ** – *'വേല ചെയ്‌വാനും സൂക്ഷിപ്പാനും'*

ജീവിത സന്ധാരണത്തിനുവേണ്ടി ആകുലത ഇല്ലാതെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ സകല സൃഷ്ടികളോടുമുള്ള കരുതലിലും പരിപാലനത്തിനും വിശ്വസിച്ച് ദൈവരാജ്യ അന്വേഷണത്തിന് മുൻതൂക്കം കൊടുത്തു ജീവിക്കുകയാണ് ദൈവ രാജ്യത്തിന്റെ ആത്മീയത ആവശ്യപ്പെടുന്നത്. ഈ സൃഷ്ടിയെ കരുതുവാനും പരിപാലിക്കുവാനും ഇതിന്റെ മനോഹാരിത നിലനിർത്തുവാനും നമുക്ക് കഴിയണം.

**18 ഞായർ** – *ആരാധന: വിശ്വാസത്തിന്റെ ആഘോഷം*

വിശ്വാസസമൂഹം ആരാധനാ സമൂഹമാണ്. ആരാധന ഒരു ഓപ്ഷൻ അല്ല. വിശ്വാസ ജീവിതത്തിന്റെ ഹൃദയഭാഗത്താണ്



ആരാധനയ്ക്ക് സ്ഥാനം. ഏത് പ്രതികൂല സാഹചര്യത്തിലും മടുത്ത് പോകാതെ നിരന്തരം ആരാധിക്കാൻ കഴിയുമ്പോഴാണ് ആരാധന വിശ്വാസത്തിന്റെ പ്രതിഫലനമായി തീരുന്നത്.

**25 ഞായർ** – *ശിഷ്യത്വം: ദൗത്യത്തിനായുള്ള വിളി*

യേശു ശിഷ്യരെ വിളിക്കുകയും ദൈവരാജ്യദൗത്യ നിർവഹണത്തിനായി അവരെ അധികാരപ്പെടുത്തുകയും ചെയ്യുന്നു. ദൈവരാജ്യ നീതിയാണ് ദൗത്യത്തിന്റെ കാതൽ. പ്രഘോഷണത്തിലൂടെയും പ്രവർത്തിയിലൂടെയും ആണ് അത് നിർവഹിക്കേണ്ടത്. ദൈവഹിതത്തിന് വിരുദ്ധമായി നിൽക്കുന്ന സാത്താന്യ ശക്തികളെ പുറത്താക്കുവാനുള്ള നിയോഗം ഇതിൽ ഉൾക്കൊള്ളുന്നു.

**ജൂലൈ**

**2 ഞായർ** – *സുവിശേഷത്തിനായി പങ്കിടുക*

സുവിശേഷം പങ്കിടലിന്റെ സംഗീതമാണ്. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കു പങ്കിട്ടതിന്റെ നന്ദി സൂചകമായിട്ടും, സർവ്വസൃഷ്ടിയും സൃഷ്ടാവിന്റെ ഉടമസ്ഥതയിലാണെന്ന ഏറ്റുപറച്ചിലും, സകല സമ്പാദ്യവും പൊതുവെന്ന വിശ്വാസ പ്രഖ്യാപനത്തിന്റെ പ്രയോഗവുമാണ്, സുവിശേഷവേല.

**9 ഞായർ** – *വൈദികർ : ദൈവരാജ്യ ശുശ്രൂഷകർ*

വൈദിക നിയോഗം, പദവിയല്ല ശുശ്രൂഷയാണ്. ലോകത്തിൽ ദൈവത്തിനുവേണ്ടി നിൽക്കുന്ന ദൗത്യവും, ദൈവമുമ്പാകെ, ആരാധനയിൽ, ലോകത്തിനുവേണ്ടി യാചിക്കേണ്ടുന്ന ശുശ്രൂഷയുമാണത്. ദൈവരാജ്യമാണ് മേൽപറഞ്ഞ ദൗത്യത്തിന്റെയും ആരാധനയുടെയും ദർശനാടിത്തറ.

**16 ഞായർ** – *ദൈവജനം: യേശുക്രിസ്തുവിന്റെ ശരീരം*

ദൈവജനം എന്നത് ഒരു വംശബോധമോ സമുദായ അഹന്തയോ അല്ല. വേദപുസ്തക പ്രകാരം ദൈവം തങ്ങളെ വിളിക്കുന്നു, തിരഞ്ഞെടുക്കുന്നു, നിയോഗിക്കുന്നു എന്ന അവബോധമാണ് ദൈവജനം എന്നത്. മേൽ പറഞ്ഞ അവബോധത്തിന്റെ തുടർച്ചയിലാണ് മാമോദീസായിലൂടെയും വി. കുർബ്ബാനയിലൂടെയും വചനത്തിലൂടെയും ക്രിസ്തുശരീരമാണ് എന്ന തിരിച്ചറിവ് സഭയ്ക്കു ലഭിക്കുന്നത്. ശരീരത്തിന്റെ അവയവങ്ങൾ തമ്മിലുള്ള ഐക്യം പോലെ ജീവിതത്തെ ക്രിസ്തുവിലെ ഐക്യത്തിൽ ക്രമീകരിക്കുന്ന ദൈവജനമാണ് സഭ.

**23 ഞായർ** – *മരണത്തിലൂടെ ജീവൻ എന്ന സുവിശേഷം*

യേശുവിന്റെ മരണമാണ് നിത്യജീവൻ നമുക്കു സമ്മാനിച്ചത്. രക്തസാക്ഷികളുടെ ജീവൻ സഭയുടെ വളർച്ചയിൽ വളരെ പ്രധാനമാണ്. യേശുവിന്റെ മരണത്തിൽ പങ്കുകാരാകുന്ന സഭയാണ്, അവന്റെ ജീവന്റെ സാക്ഷികളും പ്രസംഗകരും ആവുന്നത്.

